കാർഷിക മേഖലയിൽ യന്ത്രവൽക്കരണം

* 5 [111] ശ്രീ. ടി. വി. ചന്ദ്രമോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിന് വേണ്ടത്ര കർഷക തൊഴിലാളികളെ ലഭിക്കുന്നില്ലെന്ന കൃഷിക്കാരുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കൊയ്ത്ത്, മെതി ആവശ്യങ്ങൾക്കായി പുതിയ യന്ത്രം ലഭ്യമാക്കണമെന്ന് കൃഷിക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ യന്ത്രങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ ഏതെങ്കിലും സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) തൃശ്ശൂർ ജില്ലയിലെ കോൾ കൃഷി മേഖലയ്ക്ക് മാത്രമായി പുതിയ യന്ത്രങ്ങൾ ഏതെങ്കിലും സ്ഥാപനം നിർമ്മിക്കുന്നുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ;

(ഇ) സംസ്ഥാനത്തെ എല്ലാ പാടശേഖര കമ്മിറ്റികൾക്കും അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് കൊയ്ത്ത്, മെതി യന്ത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കാർഷികാവശ്യങ്ങൾക്കുള്ള യന്ത്രങ്ങൾ നിർമ്മിക്കുന്നതിന് കേരളാ അഗ്രോ മെഷിനറി കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

കേരളത്തിനനുയോജ്യമായ പുതിയ കാർഷിക യന്ത്രങ്ങൾ രൂപകൽപ്പന ചെയ്ത് നിർമ്മിക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചിട്ടുമുണ്ട്.

(ഡി) കോയമ്പത്തൂരുള്ള സ്വാതി ഇൻഡസ്ട്രീസ് ഉൽപാദിപ്പിക്കുന്ന ഒരു പുതിയതരം കൊയ്ത്തു യന്ത്രത്തിനും മെതി യന്ത്രത്തിനും കേരള കാർഷിക സർവകലാശാലയുടെ കൃഷി എൻജിനീയറിംഗ് വിഭാഗം കോൾ നിലങ്ങളിൽ ഉപയോഗിക്കത്തക്കവിധം മാറ്റം വരുത്തി പരീക്ഷിച്ചു വരുന്നു. മറ്റേതെങ്കിലും സ്ഥാപനങ്ങൾ കോൾ നിലങ്ങൾക്കു പ്രത്യേകമായി പുതിയ യന്ത്രങ്ങൾ നിർമ്മിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) യന്ത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly